©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ഫെബ്രുവരി 16<br>16th February 2021<br>1196 കുംഭം 4<br>4th Kumbham 1196<br>1942 മാഘം 27<br>27th Magha 1942 | നമ്പർ<br>No. | 746 |

കേരള സർക്കാർ

ആഭ്യന്തര(ബി)വകുപ്പ്

വിജ്ഞാപനം

സ.ഉ(അച്ചടി)നം.17/2021/ആഭ്യന്തരം

തിരുവനന്തപുരം, 2021 ഫെബ്രുവരി12

1196 മകരം 30

1942 മാഘം 23.

**എസ്. ആർ. ഒ. നമ്പർ 171/2021**

- 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിന്റെ (2010 ലെ 9-ാം ആക്ട്) 99-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, 2014 മേയ് 6-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നം. 89/2014/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചതും 2014 മേയ് 23-ാം തീയതിയിൽ 1316-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നം. 310/2014 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2021-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി .- 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 469-ാം ചട്ടത്തിന് ശേഷം താഴെപ്പറയുന്ന ചട്ടങ്ങൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത് :-

**" 469 (എ) സംസ്ഥാനതല ഉപദേശക സമിതി -** തടവുകാരുടെ അകാലവിടുതൽ സംബന്ധിച്ച് അക്ടിലെ 77-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ഉപദേശക സമിതിയുടെ ശിപാർശകൾക്കെതിരായ പരാതികൾ/അപേക്ഷകൾ എന്നിവ പരിഗണിച്ച് ഉപദേശക സമിതിയുടെ ശിപാർശകൾ അവലോകനം ചെയ്ത് ആയത് സ്ഥിരീകരിക്കുകയോ തള്ളുകയോ വിപരീതമാക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതിനായി ഒരു സംസ്ഥാനതല ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്.";

**" 469 (ബി) സംസ്ഥാനതല ഉപദേശക സമിതിയുടെ ഘടന**.- (1) സംസ്ഥാനതല ഉപദേശക സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :-

(എ) റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി - ചെയർമാൻ

(ബി) ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി - മെമ്പർ സെക്രട്ടറി

(സി) നിയമ വകുപ്പ് സെക്രട്ടറി - മെമ്പർ

(ഡി) സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി -മെമ്പർ

(ഇ) സർക്കാർ നിയമിക്കുന്ന, തടവുകാരുടെ സംശുദ്ധീകരണവും സാന്മാർഗ്ഗീകരണവും സംബന്ധിച്ച ഭരണനിർവ്വഹണത്തിൽ അനുഭവ സമ്പത്തും പ്രാഗത്ഭ്യവും ഉള്ള ഒരു അനൗദ്യോഗിക അംഗം - മെമ്പർ

(2) ചെയർമാന്റെ കാലാവധി 3 വർഷമായിരിക്കുന്നതും പരമാവധി 5 വർഷം വരെ കാലാവധി നീട്ടി നൽകുവാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

(3) അനൗദ്യോഗിക അംഗത്തിന്റെ കാലാവധി 5 വർഷമായിരിക്കുന്നതാണ്. എന്നാൽ മതിയായ കാരണങ്ങളിന്മേൽ സർക്കാരിന് മേൽപ്പറഞ്ഞ കാലാവധിയ്ക്കുള്ളിൽ എപ്പോൾ വേണമെങ്കിലും അനൗദ്യോഗിക അംഗത്തിന്റെ നിയമനം റദ്ദ് ചെയ്യാവുന്നതാണ്.

(4) 6 മാസത്തിലൊരിക്കലോ സർക്കാർ ആവശ്യപ്പെടുമ്പോഴോ സമിതി വിളിച്ചു ചേർക്കേണ്ടതാണ്".

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**റ്റി.കെ.ജോസ്**

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാകുന്നു.)

റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ചെയർമാനായി സംസ്ഥാനതല ജയിൽ ഉപദേശക സമിതി അല്ലെങ്കിൽ സംസ്ഥാന തല അപ്പലേറ്റ് സമിതി രൂപവൽക്കരിക്കുകയും ജില്ലാതല ഉപദേശക സമിതിയുടെ ശിപാർശ അവലോകനം ചെയ്ത് ആയത് സ്ഥിരീകരിക്കുകയോ തള്ളുകയോ വിപരീതമാക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുകയും ഓരോ ആളുടെ കേസിലും അവരെ തടങ്കൽ പൂർത്തിയാക്കുന്നതിന് മുന്നോടിയായി വിടുതൽ ചെയ്യുന്നതിനുവേണ്ടി സ്വന്തം നിലയിൽ ശിപാർശ ചെയ്ത് അക്കാര്യം സർക്കാരിൽ നൽകുകയും ചെയ്യുന്നതിന് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻനായർ അദ്ധ്യക്ഷനായ പോലീസ് ജയിൽ പരിഷ്കരണ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിഗണിച്ച് സംസ്ഥാനതല ഉപദേശക സമിതി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.02.16 02:07:22 +05:30